TC – 38

014/DM/19

| Register Number | | | | | | | | | |
|---|---|---|---|---|---|---|---|---|---|

# DEPARTMENTAL EXAMINATIONS

## TRANSLATION TEST – SECOND PAPER – TRANSLATION OF NEWSPAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours

Maximum Marks : 100

**Answer ALL questions.**

**(5 × 20 = 100)**

1. Translate into English :

പുകയില നിയന്ത്രണജില്ല : 30 നു നഗരത്തിൽ മനുഷ്യച്ചങ്ങല

തൃശ്ശൂർ : ജനകീയകൂട്ടായ്മയിലൂടെ ജില്ലയെ പുകയില നിയന്ത്രിത ജില്ലയാക്കി മാറ്റാനുള്ള പദ്ധതിയുടെ തുടക്കം എന്ന നിലയിൽ 30-നു തൃശ്ശൂർ വടക്കുന്നാഥ മൈതാനിയിൽ മനുഷ്യച്ചങ്ങല സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ പി. ദേവിക അറിയിച്ചു. എം.എൽ.എ. മാരായ ടിറ്റോ വർഗ്ഗീസ്, അനിൽ കൊളപ്പുള്ളി, മേയർ സി. രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുന്നംകുളം ജനാർദ്ദനൻ, ഐ.ജി. മീര, സിനിമാ താരങ്ങളായ എൽദോസ്, വനിതാ തമ്പി, സുരജ, ഷേർളി തുടങ്ങിയവർ ഉൾപ്പെടെ നിരവധി പ്രമുഖർ മനുഷ്യച്ചങ്ങലയിൽ പങ്കാളികളാകും. പുകവലി നിരോധിതമേഖലകളായി നഗരത്തിലെ പ്രധാന സ്ഥലങ്ങളെയെല്ലാം പ്രഖ്യാപിച്ച്, പുകവലിരഹിത ബോർഡുകൾ സ്ഥാപിക്കും. ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കും. പുകവലി നിയന്ത്രണനിയമം നടത്തിപ്പിൽ ദേശീയ മാതൃക സൃഷ്ടിക്കാൻ സംഘടിപ്പിക്കുന്ന പുകയിലയ്ക്കെതിരെയുള്ള മനുഷ്യച്ചങ്ങലയിൽ എല്ലാ പൊതുജനങ്ങളും തൊഴിലാളികളും പൊതുപ്രവർത്തകരും സന്നദ്ധപ്രവർത്തകരും ആരോഗ്യപ്രവർത്തകരും മാധ്യമപ്രവർത്തകരും പങ്കെടുക്കണമെന്ന് കളക്ടർ അഭ്യർത്ഥിച്ചു. ജില്ലാ ഭരണവൃന്ദത്തിന്റെ നേതൃത്വത്തിലും സന്നദ്ധ സംഘടനകളുടെയും ആരോഗ്യവകുപ്പിന്റെയും സഹകരണത്തിൽ നടക്കുന്ന പദ്ധതിക്ക് സാങ്കേതിക പരിശീലന സഹായം നൽകുന്നത് കേരള വളന്ററി ഹെൽത്ത് സർവ്വീസാണ്.

2. Translate into English :

ചെന്നൈ : തദ്ദേശീയ ചികിത്സാരീതികളെ സംബന്ധിച്ച അന്തർദ്ദേശീയ സെമിനാർ മദ്രാസ് സർവ്വകലാശാലയിൽ ആരംഭിച്ചു. സർവ്വകലാശാല ചരിത്രവിഭാഗമാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

ഇന്ത്യയിലെ പാരമ്പര്യ വൈദ്യന്മാർപോലും ആധുനികതയുടെ സൗകര്യങ്ങൾ സ്വീകരിച്ചുകൊണ്ട് ചികിത്സാരീതിയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ട് എന്ന് ആദ്യ സെഷനിൽ പ്രബന്ധം അവതരിപ്പിച്ച അമേരിക്കയിലെ പ്രിൻസ്റ്റൻ സർവ്വകലാശാലയിലെ ഡോക്ടർ അലീന ലംബാർ പറഞ്ഞു. പോണ്ടിച്ചേരി

[Turn over

ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സാമൂഹികശാസ്ത്രഗവേഷകൻ ഡോക്ടർ ഹീമാൻ, ജർമ്മനിയിലെ ഹടിൻബർഗ് സർവ്വകലാശാലയിലെ ഡോ. റോജണ്ട് സീമാൻ. ദിവ്യഭാരതി, എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കെ.എം. സുരേഷ്, പി.കെ. ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു. രാവിലെ സർവ്വകലാശാല വൈസ് ചാൻസലർ ഡോക്ടർ ഇ. മുരുഗാനന്ദം സെമിനാർ ഉദ്ഘാടനം ചെയ്തു. ചരിത്രവിഭാഗം മേധാവി ഡോക്ടർ ഇ. ദാമോദരൻ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. സെമിനാർ മൂന്നുദിവസം നീണ്ടുനിൽക്കുമെന്ന് സംഘാടകർ അറിയിച്ചു.

3. Translate into English :

നെന്മാറ : ഭക്ഷ്യധാന്യ ഉത്പാദനത്തിൽ സുസ്ഥിരത കൈവരുത്തി പാലക്കാടിന്റെ മാറിയ ചരിത്രത്തെ തിരുത്തിയെഴുതിയ ഹരിതസേനയുടെ മാതൃക പഠിക്കാൻ വിദേശസംഘമെത്തി.

നൂതനസാങ്കേതികവിദ്യ പാടത്ത് പ്രായോഗികമാക്കിയ കാർഷികമുന്നേറ്റം ബ്രിട്ടൻ, ഫ്രാൻസ്, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽനിന്നുള്ള പഠിതാക്കൾക്കും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിന്നെത്തിയ കാർഷികവിദഗ്ദ്ധർക്കും വിസ്മയമായി. ബ്രിട്ടനിൽ നിന്നുള്ള ലോറ ദോനാൽ, സമൂഹത്തെയൊന്നാകെ ഗുണപരമായി സ്വാധീനിക്കുന്ന ഹരിതസേനയുടെ പ്രവർത്തനം പ്രത്യേകം പഠനം അർഹിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു. വിത്തുകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഗുജറാത്തിൽ നിന്നുള്ള പ്രസാദ് കുമാർ ഹരിതസേനയുടെ പ്രവർത്തനത്തെ വിവക്ഷിച്ചത് അധിനിവേശത്തിനെത്തുന്ന കുത്തകകളെ പ്രതിരോധിക്കാനുള്ള ഉത്തമമാർഗ്ഗമെന്നാണ്. വിതയ്ക്കുന്ന വിത്തിന്റെ ഉടമസ്ഥത കർഷകർക്കാകണമെന്നും പ്രസാദ് കുമാർ അഭിപ്രായപ്പെട്ടു. ഹരിതസേനയിലൂടെ കൈവന്ന സമഗ്രകൃഷിവികസനം, ചരിത്രം, മുന്നേറ്റം, തൊഴിൽ സുരക്ഷിതത്വം, സാമൂഹിക മുന്നേറ്റം എന്നിവയെപ്പറ്റി ഗ്രീൻ ആർമി ചീഫ് കോഓർഡിനേറ്റർ ഗിരീഷ് പന്നിയത്ത് സംസാരിച്ചു.

4. Translate into English :

ഉപകരണസംഗീതത്തിൽ വിസ്മയമായി രുക്സാന ലോകറെക്കോർഡിലേക്ക്

ഷാർജ : ഇരുപതുവയസ്സിൽ 30 സംഗീതോപകരണങ്ങൾ വായിച്ച് രുക്സാന അഹമ്മദ് ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ പ്രവേശിക്കാനൊരുങ്ങുന്നു.

മാർച്ച് രണ്ടിന് വൈകിട്ട് ഏഴരയ്ക്ക് വർഷിപ്പ് സെന്ററിൽ നടക്കുന്ന പരിപാടിയിൽ ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോർഡിലെ അധികൃതരും യു.എ.ഇ.യിലെ പ്രമുഖ വ്യക്തികളും കലാസ്വാദകരും പങ്കെടുക്കും. ഒരു മണിക്കൂർ ആണ് രുക്സാനയുടെ പെർഫോമൻസ് സമയം.

മലപ്പുറം സ്വദേശികളായ അഹമ്മദിന്റെയും നസീറയുടെയും മകളായ രുക്സാന മൂന്നാമത്തെ വയസ്സിൽ കൊടുങ്ങല്ലൂർ പള്ളിയിലാണ് തന്റെ ആദ്യപ്രകടനം നടത്തിയത്. തുടർന്ന് വിവിധ കലാമത്സരങ്ങളിൽ നാട്ടിലും ഷാർജയിലും കഴിവുതെളിയിച്ചിട്ടുണ്ട്. ലീഡ് ഗിത്താർ, കീബോർഡ് എന്നിവ അഭ്യസിച്ചത് ബഹറിനിൽ ആണ്. വയലിൻ, പിയാനോ തുടങ്ങി ഗോത്രവാദ്യങ്ങളോളം ചെന്നെത്തി രുക്സാനയുടെ സംഗീതപഠനം. രുക്സാനയ്ക്ക് പ്രചോദനം കലയിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ തന്നെയാണെന്ന് രുക്സാന പറയുന്നു.

5. Translate into English :

അമ്മയ്ക്കൊരുമ്മ

കൊല്ലം : രണ്ടു വർഷമായി അന്വേഷിക്കുന്ന അമ്മയെ വൃദ്ധസദനത്തിന്റെ മുറ്റത്തുവച്ചു കണ്ടപ്പോൾ മക്കളായ രാജേഷിന്റെയും സുമതിയുടെയും കണ്ണുകളിൽനിന്നും വർഷങ്ങളുടെ ദുഃഖം കണ്ണുനീരായി ഒഴുകി. അമ്മയുമായി സ്നേഹസംഗമത്തിനു കാത്തിരുന്ന മക്കൾ അമ്മയെ കെട്ടിപ്പിടിച്ചപ്പോൾ വൃദ്ധസദനത്തിലെ അന്തേവാസികളുടെ കണ്ണുകളും ഈറനണിഞ്ഞു. കൊല്ലത്തുകുന്നിൽ നാരായണന്റെ പത്നിയായ ചെല്ലമ്മ (49) യെയാണ് രണ്ടു വർഷം നീണ്ട തിരച്ചിലിനൊടുവിൽ കൂനമ്മാവ് വൃദ്ധസദനത്തിൽ വച്ച് കണ്ടെത്തിയത്. ഫോട്ടോ കണ്ടു തിരിച്ചറിഞ്ഞ മക്കൾ അധികൃതരെ ബന്ധപ്പെട്ട് അമ്മയെ കൊല്ലത്ത് ഒരു വൃദ്ധസദനത്തിൽ എത്തിക്കാൻ ആവശ്യപ്പെടുകയായിരുന്നു. ഭർത്താവിന്റെ അസുഖം മൂലം മാനസികമായി അസ്വാസ്ഥ്യം പോലെ തോന്നിയ ചെല്ലമ്മ വീട്ടിൽനിന്നിറങ്ങിപ്പോകുകയായിരുന്നു. വഴിതെറ്റിയലഞ്ഞ ചെല്ലമ്മ ട്രെയിൻ കയറി തൃശ്ശൂർ കൂനമ്മാവിലെത്തുകയും പോലീസ് അവരെ വൃദ്ധസദനത്തിൽ ഏല്പിക്കുകയുമായിരുന്നു.

---